# വിഡ്ഢിയാക്കാൻ കള്ളം പറയുന്നവർ

**അബൂദർറ് എടയൂർ**

عَنْ بَهز بْن حَكِيم قَالَ حَدّثَنِى أبى عَنْ أبيه قَال سَمِعْتُ رَسُولَ الله ﷺ
يَقُولُ: وَيْلٌ لِلَّذى يُحَدِّثُ فَيَكْذِبُ لِيُضْحِكَ بِهِ الْقَوْمَ وَيْلٌ لَهُ وَيْلٌ لَه .

**ബഹ്സുബ്നു ഹകീമിൽ നിന്ന് നിവേദനം. പ്രവാചകൻ പറഞ്ഞു: ജനങ്ങളെ ചിരിപ്പിക്കാനായി സംസാരത്തിനിടെ കള്ളം പറയുന്നവന് നാശം, അവന് നാശം, അവന് നാശം** (അബൂദാവൂദ്).

എത്ര കയ്പേറിയ പ്രത്യാഘാതങ്ങളുണ്ടായാലും സത്യമേ പറയാവൂ എന്നാണല്ലോ ഇസ്‌ലാം പഠിപ്പിക്കുന്നത്. അതിൽ നിന്ന് ഏതെങ്കിലും ദിവസത്തെ മാറ്റി നിർത്തിയിട്ടില്ല. എന്നിട്ടും എത്ര ലാഘവത്തോടെയാണ് പലരും ഏപ്രിൽ ഒന്ന് കള്ളം പറയാൻ അനുവാദം ലഭിച്ച ദിനമാണെന്ന പോലെ കണക്കാക്കുന്നത്.

തമാശക്ക് പോലും കള്ളം പറഞ്ഞാലുള്ള ഭവിഷ്യത്ത് മനസ്സിലാക്കാൻ ഉപരിസൂചിത ഹദീസ് തന്നെ ധാരാളമാണ്. കള്ളം പറയുന്നതിന്റെ അനാശാസ്യതയെ കുറിച്ച് പലവിധത്തിലും പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. നമ്മുടെ വാക്കുകൾ വിശ്വസിക്കുന്ന കൂട്ടുകാരനോട് കള്ളം പറയുന്നത് കടുത്ത വഞ്ചനയാണെന്നും കള്ളം പറയൽ കപടവിശ്വാസിയുടെ ലക്ഷണമാണെന്നും ഒരു ദാസൻ കള്ളം പറഞ്ഞാൽ അതുവഴിയുണ്ടാകുന്ന ദുർഗന്ധത്താൽ മലക്കുകൾ ഒരു മൈൽ ദൂരം മാറി നിൽക്കുമെന്നുമെല്ലാമുള്ള പ്രവാചകന്റെ മുന്നറിയിപ്പുകൾ നാം പലതവണ മനസ്സിലാക്കിയതാണ്.

തമാശക്ക് പോലും കള്ളം പറയാത്തവന് സ്വർഗത്തിന്റെ മധ്യത്തിൽ പാർപ്പിടം ലഭിക്കാൻ ഞാൻ ജാമ്യക്കാരനായിരിക്കുമെന്ന പ്രവാചകന്റെ സന്തോഷവാർത്ത അവഗണിച്ചു തള്ളാനുള്ളതല്ല.

കുട്ടികളെയോ വളർത്തു മൃഗങ്ങളെയോ അടുത്തേക്ക് വിളിക്കാൻ ചിലരെങ്കിലും കൊച്ചുകള്ളത്തരങ്ങൾ ചെയ്യാറുണ്ട്. കൈ ചുരുട്ടിപ്പിടിച്ച് മിഠായി തരാം എന്ന വ്യാജേന കുട്ടിയെ അടുത്തുവിളിക്കുന്നവൻ അറിയുന്നില്ല, അവൻ ചെയ്യുന്നത് ഗുരുതരമായ തെറ്റാണെന്ന്. ചീത്തയായ ഒരു സന്ദേശമാണ് അവൻ അതിലൂടെ കുട്ടിക്ക് കൈമാറുന്നത്. അബ്ദുല്ലാഹിബ്നു ആമിർ പറയുന്നു: ഒരു ദിവസം എന്റെ ഉമ്മ എന്നെ വിളിച്ചു. അപ്പോൾ പ്രവാചകൻ (സ) ഞങ്ങളുടെ വീട്ടിൽ ഇരിക്കുന്നുണ്ടായിരുന്നു. ഉമ്മ പറഞ്ഞു: ഇങ്ങു വാ! നിനക്ക് ഒരു സാധനം തരാം. അപ്പോൾ തിരുമേനി ചോദിച്ചു: നിങ്ങൾ എന്താണ് അവന് കൊടുക്കാൻ ഉദ്ദേശിച്ചത്? ഉമ്മ പറഞ്ഞു: ഞാൻ അവന് ഒരു കാരക്ക കൊടുക്കാൻ ഉദ്ദേശിക്കുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: നിങ്ങൾ അവന് ഒന്നും കൊടുത്തിരുന്നില്ലെങ്കിൽ നിങ്ങളുടെ പേരിൽ ഒരു കള്ളം രേഖപ്പെടുത്തപ്പെടും (അബൂദാവൂദ്).

നുണയൻ എന്ന് മുദ്ര കുത്തപ്പെട്ടാൽ കണ്ണും മൂക്കും വായുമെല്ലാം പിരടി വരെ നിരന്തരം കുത്തിക്കീറപ്പെടുന്ന കടുത്ത ശിക്ഷക്ക് വിധേയമാകുമെന്ന് ബുഖാരി ഉദ്ധരിച്ച സുദീർഘമായൊരു ഹദീസിൽ കാണാം. വർഷത്തിൽ ഒരു ദിവസമെങ്കിലും അൽപം തമാശക്ക് വേണ്ടി കള്ളം പറഞ്ഞ് ആളുകളെ വിഡ്ഢികളാക്കാമെന്ന് ധരിക്കുന്നവർ ചിന്തിക്കുക, അതിന്റെ പരിണതി എന്തായിരിക്കുമെന്ന്. ■